പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2852

13-03-2018-ലെ
മറുപടിയ്ക്ക്

# കാർഷികരംഗത്ത് നടത്തിയ ഇടപെടലുകൾ മൂലമുണ്ടായ പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ വന്നശേഷം കാർഷികരംഗത്ത് നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ വന്നശേഷം കാർഷികരംഗത്ത് വലിയ മുന്നേറ്റം ഉണ്ടാക്കുന്ന പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.<br>വിളവിസ്തൃതിക്കും ഉൽപ്പാദനവർദ്ധനവിനുമായി നെൽകൃഷി വികസനം, പച്ചക്കറികൃഷിവികസനം, കിഴങ്ങ്-പയർവർഗ്ഗ വിളകളുടെ വികസനം, നാളികേര വികസനം, സുഗന്ധ വ്യഞ്ജന വിള വികസനം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>മണ്ണിന്റേയും വിളയുടേയും ആരോഗ്യപരിപാലനത്തിനും ഉത്പാദനക്ഷമത ഉയർത്തുന്നതിനും വിള ആരോഗ്യപരിപാലന രംഗത്തും കാര്യമായ ഇടപെടലുകൾ നടത്തുന്നു.<br>പ്രാദേശിക പ്രാധാന്യമുള്ള വിളകൾക്കുള്ള പ്രോൽസാഹനം, ഹൈ-ടെക്, ജൈവകൃഷി രീതികളുടെ പ്രചരണം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി,കർഷകർക്ക് ആവശ്യമായ കാർഷിക സേവനങ്ങൾക്കും ഗുണമേൻമയുള്ള നടീൽവസ്തുക്കളുടെ വിതരണത്തിനും ഊന്നൽ നൽകുന്ന പദ്ധതികൾ നടപ്പിലാക്കി.<br>കാർഷിക ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിന് ഓണത്തിനും വിഷുവിനും കാർഷിക വിപണി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കി. ഓണത്തിനായി വീട്ടുവളപ്പിൽ പച്ചക്കറികൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഓണത്തിന് "ഒരു മുറം പച്ചക്കറി" യെന്ന പദ്ധതി നടപ്പിലാക്കി. പരമ്പരാഗത, നാടൻ വിത്തിനങ്ങളുടെ ജൈവവൈവിധ്യ |

| | |
|---|---|
| | സംരക്ഷണത്തിന് പ്രോൽസാഹനം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കി. അട്ടപ്പാടിയിൽ ചെറുധാന്യങ്ങളുടെ അഭിവൃദ്ധിക്കായി "മില്ലറ്റ് വില്ലേജ്" പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി. |
| **(ബി)** ഈ ഇടപെടലുകൾ മൂലമുണ്ടായ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ; | **(ബി)** റാണിചിത്തിര, ആറൻമുള കായൽ ഉൾപ്പെടെയുള്ള തരിശ് നെൽകൃഷിയിൽ വലിയ മുന്നേറ്റം ഉണ്ടാക്കുവാൻ സാധിച്ചു. സംസ്ഥാനത്ത് ഇപ്പോൾ നെൽകൃഷിയുടെ മൊത്തം വിസ്തൃതി 2,20,449 ഹെക്ടർ ആയി വർദ്ധിച്ചിട്ടുണ്ട്. സുഗന്ധഇനങ്ങൾ ഉൾപ്പെടെ നെല്ലിനങ്ങളുടെ കൃഷി വ്യാപിപ്പിക്കുന്നതിനും, മിനി റൈസ് മില്ലുകൾ സ്ഥാപിച്ച് അവയുടെ സംസ്കരണം നടത്തുന്നതിനും സാധിച്ചു 3657 ഹെക്ടർ നിലം "ഒരുപൂകൃഷി", "ഇരുപൂകൃഷി" യാക്കി മാറ്റി.<br>ബഹു. കൃഷി മന്ത്രിയുമായി കർഷകർക്ക് അവരുടെ സംശയങ്ങളും പരാതികളും പങ്ക് വയ്ക്കുന്നതിന് പ്രതിമാസഫോൺ ഇൻ സംവിധാനം" "കൃഷി മന്ത്രി വിളിപ്പുറത്ത്" നടപ്പിലാക്കി.<br>ഉൽസവ കാലങ്ങളിൽ സംഘടിപ്പിച്ച "ഓണം സമൃദ്ധി", "വിഷുക്കണി" തുടങ്ങിയ കർഷക വിപണികൾ വഴി കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് മതിയായ വില നൽകുന്നതിനും ഉപഭോക്താക്കൾക്ക് അവ മിതമായ വിലയ്ക്ക് ലഭ്യമാക്കുവാനും സാധിച്ചു.<br>നെല്ല്, പച്ചക്കറി, സുഗന്ധവ്യഞ്ജന വിളകൾ എന്നിവയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ സാധിച്ചു. |
| **(സി)** പച്ചക്കറികൃഷിയിൽ 2015-16, 2016-17 വർഷത്തെ വളർച്ച എത്രയാണെന്ന് വ്യക്തമാക്കാമോ; | **(സി)** 2015-16 സാമ്പത്തിക വർഷത്തിൽ 46578 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽ നിന്നും 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2016-17 - ൽ സംസ്ഥാനത്ത് 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽ നിന്നും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും സാധിച്ചു ടി കാലയളവിൽ 6252 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്ത് 97,000 മെട്രിക് ടൺ പച്ചക്കറി അധികമായി ഉത്പാദിപ്പിക്കാൻ സാധിച്ചു. |

| | | | |
|---|---|---|---|
| (ഡി) | കഴിഞ്ഞവർഷം എത്ര ഹെക്ടറിൽ കര നെൽകൃഷി നടത്തിയിരുന്നുവെന്ന് വ്യക്തമാക്കാമോ; | (ഡി) | 2016-17 സാമ്പത്തിക വർഷം 2752.092 ഹെക്ടറിൽ കര നെൽ കൃഷി ചെയ്തു. ജില്ലതിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു. |

| ജില്ല | 2016-17 കൃഷി വകുപ്പ് പദ്ധതികൾ പ്രകാരം |
|---|---|
| തിരുവനന്തപുരം | 251.125 |
| കൊല്ലം | 320.00 |
| പത്തനംതിട്ട | 120.00 |
| ആലപ്പുഴ | 44.996 |
| കോട്ടയം | 114.00 |
| ഇടുക്കി | 100.00 |
| എറണാകുളം | 91.495 |
| തൃശ്ശൂർ | 575.00 |
| പാലക്കാട് | 180.147 |
| മലപ്പുറം | 218.46 |
| കോഴിക്കോട് | 473.24 |
| വയനാട് | 34.45 |
| കണ്ണൂർ | 129.179 |
| കാസർഗോഡ് | 100.00 |
| **ആകെ** | **2752.092** |

| | | | |
|---|---|---|---|
| (ഇ) | മുൻവർഷത്തേക്കാൾ നെൽപ്പാടവും നെല്ലുൽപാദനവും വർദ്ധിക്കുകയോ, കുറയുകയോ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഇ) & (എഫ്) | നെൽകൃഷി വിസ്തൃതിയും ഉല്പാദനവും മുൻ വർഷത്തെക്കാൾ വർദ്ധിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |
| (എഫ്) | വർദ്ധിച്ചതാണെങ്കിലും കുറഞ്ഞതാണെങ്കിലും എത്ര ശതമാനമെന്ന് വ്യക്തമാക്കാമോ? | | |

| ജില്ല | 2016-17 ലെ വിസ്തൃതി (ഇക്കൊണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് പ്രസിദ്ധീകരിച്ച കണക്ക്) | 2017-18 ലെ വിസ്തൃതി (പുഞ്ചകൃഷി ഉൾപ്പെടെ കൃഷി വകുപ്പിന്റെ കണക്ക്) | വർദ്ധനവ് ശതമാനം |
|---|---|---|---|
| തിരുവനന്തപുരം | 1392 | 2663.278 | 91.32744 |
| കൊല്ലം | 1302 | 3467.922 | 166.3535 |
| പത്തനംതിട്ട | 2640 | 3591.2 | 36.0303 |
| കോട്ടയം | 17216 | 20309.02 | 17.96596 |
| ഇടുക്കി | 695 | 1520.5 | 118.777 |
| ആലപ്പുഴ | 32453 | 40282.49 | 24.12563 |
| എറണാകുളം | 4730 | 5300.8403 | 12.06851 |
| തൃശ്ശൂർ | 21100 | 22470.48 | 6.495166 |
| പാലക്കാട് | 65513 | 90580 | 38.26263 |
| മലപ്പുറം | 7140 | 8084.26 | 13.22493 |
| കോഴിക്കോട് | 1987 | 3783.0043 | 90.38774 |
| വയനാട് | 7822 | 9508.247 | 21.55775 |
| കണ്ണൂർ | 4671 | 6083.146 | 30.2322 |
| കാസർഗോഡ് | 2737 | 2804.988 | 2.484034 |
| **ആകെ** | 171398 | 220449.375 | 28.61841 |

**സെക്ഷൻ ഓഫീസർ**